"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ "GENERAL-FDR 2024 - 25 - Providing BC overlay Odanavattom valakom Road ch 0/000 to 4/100 KM." എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.1/2026/PWD തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. സഉ(പി)നം. 16/2017/ധന, തീയതി 06.02.2017
2. സ.ഉ. (സാധാ)നം. 333/2025/പൊമവ തീയതി 05.03.2025
3. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 04.10.2025, 28.11.2025, 23.12.2025എന്നീ തീയതികളിലെ CEPWD/17239/2025-C4(W)-RD നം. കത്തുകൾ.
4. സ.ഉ.(പി) .47/2025/ധന തീയതി 11.04.2025

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ "GENERAL-FDR 2024 - 25 - Providing BC overlay Odanavattom valakom Road ch 0/000 to 4/100 KM." എന്ന പ്രവൃത്തിയ്ക്കായി മേൽ പരാമർശം 2 -ലെ ഉത്തരവ് പ്രകാരം 150 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നു. അതേ തുകയ്ക്ക് തന്നെ സാങ്കേതിക അനുമതി നൽകിയ പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണമേഖലാ സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 5 തവണ ടെണ്ടർ ചെയ്തിരുന്നു. ആദ്യ 4 ടെണ്ടറുകളിൽ ബിഡുകൾ ലഭിച്ചിരുന്നില്ല. അഞ്ചാം ടെണ്ടറിൽ EPAC യെക്കാൾ 29.95% അധികമായ ഒരു ബിഡ് ലഭിച്ചിരുന്നു, എന്നാൽ ക്വോട്ട് ചെയ്ത തുക അംഗീകരിക്കാവുന്ന നിരക്കിനെക്കാൾ അധികം ആയിരുന്നു. റേറ്റ് കുറയ്ക്കുന്നതിന് ബിഡർ തയ്യാറായിരുന്നില്ല. പ്രസ്തുത ബിഡ് സമർപ്പിച്ച M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ 1,65,10,221/- രൂപ എന്നത് മേൽ പരാമർശം 1-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്ന മാനദണ്ഡത്തേക്കാൾ അധികമാണ് എന്നും, എന്നാൽ പ്രസ്തുത റോഡിന്റെ അവസ്ഥ നിലവിൽ വളരെ മോശമാണ് എന്നത് പരിഗണിച്ച്, നിലവിൽ കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്ന 1,65,10,221/- രൂപയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകുന്നതിന് അനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3-ലെ കത്ത് പ്രകാരം ആഭ്യർത്ഥിച്ചിരുന്നു. കൂടാതെ, DSoR 2021 ഉപയോഗിച്ച് എസ്റ്റിമേറ്റ് വീണ്ടും കണക്കാക്കിയതിൽ M/s. Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ

1,65,10,221/- രൂപ എന്നത് Current SOR +10% (DSoR 2021+10.00%) പരിധിക്ക് പുറത്താണ് എന്നും അതിനാൽ സർക്കാർ തലത്തിൽ അംഗീകാരം ആവശ്യമാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, 1.5 കോടി രൂപയുടെ ഭരണാനുമതിയുള്ള BC ഓവർലെ പ്രവൃത്തി നടപ്പിലാക്കുന്നതിനായി നിലവിൽ അഞ്ച് തവണ ടെണ്ടർ ചെയ്തെങ്കിലും നാലു ടെണ്ടറുകളിലും ആരുടെയും പങ്കാളിത്തം ഉണ്ടായില്ല. അഞ്ചാമത്തെ ടെൻഡറിൽ ഏക പങ്കാളിത്തം ഉണ്ടാവുകയും, എസ്റ്റിമേറ്റ് നിരക്കിനേക്കാളും 29.95% മുകളിലുള്ള നിരക്ക് ക്വോട്ട് ചെയ്തിരിക്കുകയും ചെയ്യുന്നു. എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തു retender ചെയ്താലും ഇതിനേക്കാളും മികച്ച response ലഭിക്കുവാൻ സാധ്യതയില്ലെന്നും അതിനാൽ കൊല്ലം ജില്ലയിലെ "GENERAL-FDR 2024 - 25 - Providing BC overlay Odanavattom valakom Road ch 0/000 to 4/100 KM." എന്ന പ്രവൃത്തിയ്ക്കായി M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ 1,65,10,221/- രൂപ (ഒരുകോടി അറുപത്തിയഞ്ച് ലക്ഷത്തി പതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം), 2018 DSR അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് PAC -യെക്കാൾ 29.95% കൂടുതലും , 2021 DSR അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് PAC-യെക്കാൾ 16.85% കൂടുതലും ആയതിനാൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് നിലവിലുള്ള മാനദണ്ഡമായ "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്"എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കൊല്ലം
ധനകാര്യ വകുപ്പ് (No.I&PW-C1/100/2025-Fin(E.3307729) dt. 15.11.2025)
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha o.d
സെക്ഷൻ ഓഫീസർ
Date: 01-01-2026 17:24:11

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുമരാമത്ത് സെക്രട്ടറിയുടെ പി.എ.